**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2578** **17-03-2022 - ൽ മറുപടിയ്ക്ക്**

**എം.എസ്.എം.ഇ.യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19, പ്രളയം, മഹാമാരി തുടങ്ങിയ പ്രതിസന്ധികൾ കാരണം തകർന്ന എം.എസ്.എം.ഇ. യൂണിറ്റുകളുടെ പുനരുജ്ജീവനവും പുനരധിവാസവും എത്രത്തോളം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്; തകർച്ച നേരിടുന്ന എം.എസ്.എം.ഇ കൾ എത്ര എണ്ണം ഉണ്ട്; പ്രവർത്തന രഹിതമായ എം.എസ്.എം.ഇ.കൾ എത്ര എണ്ണം ഉണ്ട്; വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ; | (എ) | പ്രവർത്തനരഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. യൂണിറ്റുകളെ മൂലധന ഗ്രാന്റുകളുടെയും, പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ പുനഃരുജ്ജീവിപ്പിക്കുകയും പുനഃരധിവസിപ്പിക്കുകയും ചെയ്യുന്നതിലേക്കായി രണ്ട് പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കി വരുന്നുണ്ട്. a. The Kerala stressed MSMEs Revival & Rehabilitation Scheme b. Revival and rehabilitation scheme for defunct MSMEs and cashew Processing units. കൂടാതെ 2018-19 വർഷങ്ങളിലുണ്ടായ പ്രളയം കാരണം ദുരിതത്തിലായ സംരംഭങ്ങളെ സഹായിക്കുന്നതിനായി Assistance to Rebuild Flood affected MSMEs, Interest Subvention to rebuild Flood affected MSMEs എന്നീ രണ്ട് പദ്ധതികൾ നടപ്പിലാക്കിയിരുന്നു.തുടർന്ന് കോവിഡ് 19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ സഹായിക്കുന്നതിലേക്കായി വ്യവസായ ഭദ്രത പദ്ധതിയ്ക്ക് മുൻ സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കുന്ന (Scheme for interest Subvention on term Loan and Working Capital Loan) പദ്ധതി പ്രകാരം 01/04/2020 മുതൽ 31/12/2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working Capital) 30000/- രൂപ പരമാവധി 60000/- രൂപ വരെ അനുവദിച്ചിരുന്നു. കൂടാതെ കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, Covid- |

| | | | |
|---|---|---|---|
| | | | 19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്.പാക്കേജ് വഴി വ്യവസായഭദ്രത പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan), സംരംഭ സഹായ പദ്ധതി (ESS),ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി,നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി എന്നീ പദ്ധതികളിൽ കൂടുതൽ ഇളവുകൾ അനുവദിച്ചിരുന്നു. ടി പദ്ധതികൾ വഴി നൽകിയ ധനസഹായം സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു. ക്രമ. നം പദ്ധതി 2021-22 ഇത് വരെ 2020-21 2019-20 2018-19 ചിലവഴിച്ച തുക(ലക്ഷം രൂപയിൽ) അനുവദിച്ച യൂണിറ്റുകളുടെ എണ്ണം ചിലവഴിച്ച തുക(ലക്ഷം രൂപയിൽ) അനുവദിച്ച യൂണിറ്റുകളുടെ എണ്ണം ചിലവഴിച്ച തുക(ലക്ഷം രൂപയിൽ) അനുവദിച്ച യൂണിറ്റുകളുടെ എണ്ണം ചിലവഴിച്ച തുക(ലക്ഷം രൂപയിൽ) അനുവദിച്ച യൂണിറ്റുകളുടെ എണ്ണം 1 Interest Subvention on Term loan and Working Capital Loan [വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി ] 90.77 509 153.825 1061 2 Kerala stressed MSMEs Revival and Rehabilitation 37.55 157 163.35 7 1.14 1 3 Revival and Rehabilitation Scheme for Defunct MSMEs and Cashew Processing Units 32.95 12 4 Assistance to rebuild flood affected MSMEs(flood rebuild schemes) 276.7 61 26.35 175 159 148 5 Interest subvention to rebuild flood affected MSMEs(flood rebuild schemes) 386.73 250 4.65 6 തകർച്ച നേരിടുന്ന എം.എസ്.എം.ഇ -കൾ, പ്രവർത്തന രഹിതമായ എം.എസ്.എം.ഇ.കൾ എന്നിവയുടെ എണ്ണം സംബന്ധമായ കൃത്യമായ കണക്കുകൾ ശേഖരിച്ചിട്ടില്ല. |
| (ബി) | വ്യാവസായിക പാർക്കുകളിൽ പുതിയസംരംഭകരെ ആകർഷിച്ച് കൂടുതൽ നിക്ഷേപവും, തൊഴിലവസരവും സൃഷ്ടിച്ച് കൊണ്ട് നിക്ഷേപ സൗഹൃദമാക്കി മാറ്റുന്നതിന്റെ ഭാഗമായി 2021-22 കാലയളവിൽ സംരംഭകർക്ക് ഭൂമിനിക്ഷേപ വിലയുടെ പലിശ ധനസഹായമായി നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമായ റിപ്പോർട്ട് നൽകാമോ? | (ബി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, KINFRA, KSIDC, SIDCO എന്നിവയുടെ അധികാര പരിധിയിൽ വരുന്ന വ്യവസായ എസ്റ്റേറ്റുകളിൽ ലീസ് വ്യവസ്ഥ പ്രകാരം അനുവദിച്ച സ്ഥലത്തിന്റെ പലിശ ഉൾപ്പെടെയുള്ള ലീസ് പ്രീമിയം അടയ്ക്കുമ്പോൾ സംരംഭകർക്ക് വളരെയധികം സാമ്പത്തിക ബാധ്യത വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിനായി Interest subvention on deferred payments of land cost investments to Entrepreneurs in Industrial areas and parks എന്ന |

| | | | |
|---|---|---|---|
| | | | പദ്ധതി 5/8/2019 ലെ G.O.(Rt)No 727/2019-ID ഉത്തരവ് പ്രകാരം നടപ്പാക്കിയിട്ടുണ്ട് . പദ്ധതി പ്രകാരം ലീസ് വ്യവസ്ഥയിൽ ഭൂമി അനുവദിക്കുന്ന സംരംഭകന് രണ്ടാമത്തെ ഗഡു അടയ്ക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കിൻഫ്രയുടെ കീഴിൽ വിവിധ ജില്ലകളിലുള്ള വ്യവസായ പാർക്കുകളിൽ ഭൂമി അനുവദിച്ചതു വഴി 31/01/2021 വരെ പലിശയിനത്തിൽ കിൻഫ്രക്ക് ലഭിക്കേണ്ട തുകയായ 96,38,417/- രൂപ അനുവദിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ